# ക്ലബ്ബിൽ നിന്നു ചീട്ടുകളി സംഘത്തെ പിടികൂടി; 15 ലക്ഷം പിടിച്ചെടുത്തു

തൃശൂർ • കുട്ടനെല്ലൂർ റീജൻസി ക്ലബ്ബിൽ ചീട്ടു കളിച്ചിരുന്ന പത്തംഗ സംഘത്തെ കമ്മിഷണർ രാഹുൽ ആർ. നായരുടെ കീഴിലുള്ള ഷാഡോ പൊലീസ് സംഘം പിടികൂടി. ഇവരിൽനിന്ന് 15 ലക്ഷം രൂപയും പിടിച്ചെടുത്തു. ക്ലബ്ബിന്റെ ടെറസിൽ ചീട്ടുകളിച്ചു കൊണ്ടിരുന്ന സംഘത്തെ കേറ്ററിങ് തൊഴിലാളികളുടെ വേഷത്തിൽ അടുക്കളയിലൂടെ കയറി മുകളിലെത്തിയ പൊലീസ് സംഘമാണ് പിടികൂടിയത്. ടെറസിലേക്ക് പ്രവേശിക്കുന്നതിന് അംഗങ്ങൾക്ക് 'ഫിംഗർ പ്രിന്റ് സെക്യൂരിറ്റി' ഉപയോഗിച്ച് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

ഷാഡോ പൊലീസ് അംഗങ്ങളായ എസ്ഐ വി.കെ. അൻസാർ, പി.എം. റാഫി, എൻ.ജി. സുവ്രതകുമാർ, കെ. ഗോപാലകൃഷ്ണൻ, ടി.വി. ജീവൻ, പളനിസ്വാമി, എം.എസ്. നികേഷ്, വിപിൻദാസ്,തുടങ്ങിയവരുടെ സംഘമാണ് ചീട്ടുകളി സംഘത്തെ പിടികൂടിയത്.